[Mr. M. K. Verghese]

(ബി) എ-യുടെ ഉത്തരം 'ഉവ്വ്" എന്നാണെങ്കിൽ എത്ര ആനകളെ പാട്ടത്തിനു്എടുത്തിട്ടുണ്ടു്;

(സി) അവക്കു് ദിവസേന എത്ര ഉറപ്പിക എക്കം കൊടുക്കുന്നു?

റാവുസാഹിബു് കെ. അയ്യപ്പൻ:

(എ) ഉവ്വു്.

(ബി) മൂന്നു്.

(സി) രണ്ടെണ്ണത്തിനു് ൫൦ക. വീതവും, മൂന്നാമത്തേതിനു് ൩൦ക. വീതവും.

LIBRARY AT NEDUNGAD

159. ചൌധരി ജി. എസ്സു്. ധാരാസിംഗു്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവായി മറുപടി പറയുമോ.—

നെടുങ്ങാട്ടു പ്രദേശത്തെ വായനശാല ഒരു ഒന്നാംഗ്രേഡു വായനശാലയായി ഉയർത്തണമെന്നു കാണിച്ചു് അവിടെനിന്നും വല്ല അപേക്ഷകളോ മറ്റോ ഗവണ്മെണ്ടിനു കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

ഇല്ല.

TEXTILE SHOPS—LICENSES—ISSUE OF

160. Mr. P. Kumaran Ezhuthassan *(Vadakkancheri):* Will Government be pleased to state.—

(*a*) how many applications for fresh issue of license for textiles had been received since 1st Kanni 1122 and inclusive of 31st Edavam 1122;

(*b*) how many of the applications in (*a*) were allowed and how many refused;

(*c*) the names with the villages of persons to whom licenses were issued from the applicants in (*a*)?

Mr. P. Govinda Menon *(Minister for Food and Education)* :

(*a*) 854 applications had been received for fresh issue of license for textiles (including for weaving) since 1st Kanni 1122 and inclusive of 31st Edavam 1122.

(*b*) 139 applications were allowed and the rest 715 were refused.

(*c*) Please see the list attached. (Appendix I)

NEWSPAPER ADVISORY COMMITTEE—PARTICULARS REGARDING

161. മിസ്റ്റർ കെ. എ. രാഘവൻ; താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടിപറയുമോ?

(എ) കൊച്ചിയിൽ ഒരു പത്ര ഉപദേശകസമിതിയെ സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) ആരൊക്കെയാണു് അതിലെ അംഗങ്ങൾ;

(സി) എന്നാണു് ഈ സമിതി സംഘടിതമായതു്;

(ഡി) എന്താണു സമിതിയുടെ അധികാരാവകാശങ്ങൾ അഥവാ, പ്രവർത്തനങ്ങൾ;

(ഇ) ഈ സമിതി സംഘടിച്ച ശേഷം ഗവണ്മെണ്ടു് ഏതെങ്കിലും പത്രങ്ങളുടെ പേരിൽ വല്ല നടപടിയും കൈക്കൊണ്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഏതു പത്രത്തിന്റെ പേരിലാണു്,

(ജി) പത്രോപദേശക സമിതിയോടു് ആലോചിച്ചുകൊണ്ടോ അവരെ അറിയിച്ചുകൊണ്ടോ ആണോ ഈ നടപടി നടത്തിയതു്;

(എച്ചു്) ഇപ്രകാരം അവരോടാലോചിക്കാതെ നടപടി നടത്തിയതിനെപ്പറ്റി കമ്മിറ്റി വല്ല എതിരഭിപ്രായവും പുറപ്പെടുവിച്ചിട്ടുണ്ടോ?

മിസ്റ്റർ പോറ്റം പി. മാമ്പിള്ളി :

(എ) ഉവ്വു്.

(ബി) ക. മിസ്റ്റർ ടി. ചെറിയാൻ (പത്രാധിപർ, ദീപം)

ഖ. മിസ്റ്റർ വി. ആർ. കൃഷ്ണൻ എഴത്തച്ഛൻ (പത്രാധിപർ, ദീനബന്ധു)

ഗ. ,, കെ. വി. രാഘവൻനായർ (പത്രാധിപർ, ഗോമതി)

ഘ. ,, സി. ജെ. ചിറയത്തു് (പത്രാധിപർ, നവലോകം)

LIBRARY ARCHIVES Kerala Legislative Assembly

ഭ. മിസ്റ്റർ പി. സി. വക്കി (പത്രാധിപർ, സത്യനാദം)
ന. ,, കെ. വി. കുഞ്ഞിരാമ പൊതുവാൾ (പത്രാധിപർ, ജന്മഭൂമി)
ഠ. ,, വി. കെ. ശങ്കരൻ (പത്രാധിപർ, സ്നേഹിതൻ)
വ. ,, പി. ആർ. ജോൺ (കൊച്ചിൻ ജർണ്ണലിസ്റ്റ് അസോസിയേഷൻ)
ൻ. ,, വി. കെ. കുട്ടി ,,
൧൦. അഡ്വൊക്കേറ്റ് ജനറൽ
൧൧. ഡയറക്ടർ ഓഫ് പബ്ലിസിറ്റി ആൻറ് ഇൻഫർമേഷൻ

(സി) ചോദ്യത്തിന്മേൽ ഉണ്ടാകുന്ന.

(ഡി) പത്രങ്ങളുടെ അവകാശങ്ങളും സ്വാതന്ത്ര്യവും സംബന്ധിച്ചുള്ള സംഗതികളേയും അതിന്മേൽ ആലോചനക്കുവെപ്പാൻ ഗവൺമെണ്ടിൽ നിന്നും ഉത്തരവാകുന്ന വിഷയങ്ങളേയും പറഞ്ഞി പ്രസ്സ് അഡ്വൈസറി കമ്മിറ്റിക്ക് ആലോചിക്കാവുന്നതാകുന്നു.

(ഇ) ഉവ്വ്.

(എഫ്) (൧) എക്സ്പ്രസ്സ് (തൃശ്ശിവപേരൂർ)
(൨) പ്രജാമിത്രം (തൃശ്ശിവപേരൂർ)

(ജി) അല്ല.

(എച്ച്) ഇല്ല.

HOSTEL ATTACHED TO ANAPPARA TRAINING COLLEGE

162. മിസ്റ്റർ പി. നാരായണമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ആനപ്പാറ ടെയിനിങ്ങ് കോളേജിലെ ഇക്കൊല്ലത്തെ അദ്ധ്യാപക വിദ്യാർത്ഥികളുടെ സംഖ്യ എത്ര;

(ബി) ഈ കോളേജിനോടു് അനുബന്ധിച്ചു് എത്ര ഹോസ്റ്റലുകളാണു് ഇപ്പോഴുള്ളതു്;

(സി) ഓരോ ഹോസ്റ്റലിലും എത്ര ആളുകൾക്ക താമസിക്കുവാനുള്ള സ്ഥലമാണു് ഉള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ൪൬൦.

(ബി) ൧൨.

(സി) പുതുതായി വാടകക്കു് എടുത്ത പതിനാലു കെട്ടിടങ്ങളിൽ ഓരോന്നിൽ൧൧, ൧൦, ൭, ൩, ൩, ൧൧, ൧൦, ൧൦, ൭, ൩, ൭, ൻ, ൭, വിതവും പഴയ നാലു വാടകകെട്ടിടങ്ങളിലും കൂടി ൭൬ ആളുകൾക്കും താമസിക്കുവാനുള്ള സ്ഥലമാണു് ഉള്ളതു്.

CANDIDATES SELECTED FOR MEDICAL AND ENGINEERING COLLEGES—PARTICULARS REGARDING

163. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) മെഡിക്കൽ കോളേജിലേക്ക തിരഞ്ഞെടുക്കപ്പെട്ട ശാരദാമായി എന്ന വിദ്യാർത്ഥിനി തിരുവിതാംകൂറുകാരിയാണോ,

(ബി) എഞ്ചിനീയറിങ്ങ് കോളേജിലേക്ക തിരഞ്ഞെടുക്കപ്പെട്ട പ്രേമാനന്ദൻ എന്ന വിദ്യാർത്ഥി മലബാറുകാരനാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) അല്ല.

(ബി) അല്ല.

FAIR PRICE SHOPS—HANDING OVER—DETAILS REGARDING

164. മിസ്റ്റർ പറമ്പി ലോനപ്പൻ : താഴെ പറയുന്ന ചോദ്യത്തിന്മേൽ ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

റിട്ടെയിൽ റേഷൻഷാപ്പുകൾ സഹകാരിവ്യക്തികളെ ഏല്പിച്ചുകൊടുക്കുന്നതിൽ സമുദായനീതിയോ, മറെറന്തെങ്കിലും മാനദണ്ഡമൊ സ്വീകരിക്കാറുണ്ടോ; ഉണ്ടെങ്കിൽ എങ്ങിനെ; എന്തെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly